**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4820** **01-11-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ റോഡുകളുടെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കരിമണ്ണ്- കല്ലുക്കപ്പാറ- ഒഴലപ്പതി റോഡ്, ചിറ്റൂർ പുഴപ്പാലം-വണ്ടിത്താവളം റോഡ്, കമ്പിളിച്ചുങ്കം-പെരുവെമ്പ് റോഡ്, മുത്തുസ്വാമി പുതൂർ-അഞ്ചാംമൈൽ റോഡ് എന്നീ റോഡുകളുടെ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | കരിമണ്ണ് - കല്ലുക്കപ്പാറ - ഒഴലപ്പതി റോഡിന് 01.11.2016-ലെ സ.ഉ(സാധാ) നം.1502/2016/ പൊ.മ.വ പ്രകാരം 15 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് കിഫ്ബിയിൽ നിന്നും 21.96 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. 10.07.2017-ലെ സ.ഉ(സാധാ)നം.942/2017/ പൊ.മ.വ പ്രകാരം ചിറ്റൂർ പുഴപ്പാലം - വണ്ടിത്താവളം റോഡ്, മുത്തുസ്വാമി പുതൂർ - അഞ്ചാംമൈൽ റോഡ് എന്നിവയ്ക്ക് ഓരോന്നിനും 15 കോടി രൂപയ്ക്കും കമ്പിളിച്ചുങ്കം - പെരുവെമ്പ് റോഡിന് 10 കോടി രൂപയ്ക്കും തത്വത്തിലുള്ള അനുമതി നൽകുകയുണ്ടായി. |
| (സി) | പ്രസ്തുത റോഡുകളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കരിമണ്ണ് - കല്ലുക്കപ്പാറ - ഒഴലപ്പതി റോഡിന് കിഫ്ബി നിർദ്ദേശിക്കുന്ന വീതിയിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് 5.5 മീറ്റർ വീതിയിൽ ഫുൾ ഡെപ്ത് റിക്ലമേഷൻ ചെയ്യുന്നതിന് അംഗീകാരത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചിറ്റൂർ പുഴപ്പാലം - വണ്ടിത്താവളം റോഡ് പ്രവൃത്തിയുടെയും കമ്പിളിച്ചുങ്കം - പെരുവെമ്പ് റോഡ് പ്രവൃത്തിയുടെയും ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ഡി.പി.ആർ പരിശോധനയുടെ ഭാഗമായി ലഭിച്ച ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന് മറുപടി തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. മുത്തുസ്വാമി പുതൂർ - |

| | | | |
|---|---|---|---|
| | | | അഞ്ചാംമൈൽ റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ കിഫ്‌ബിയിൽ സമർപ്പിക്കുകയും ഡി.പി.ആറിന്റെ പരിശോധനയുടെ ഭാഗമായി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകുകയുമുണ്ടായി. അതിന് മറുപടി കിഫ്‌ബിയിൽ സമർപ്പിക്കേണ്ടതുണ്ട്. സമർപ്പിക്കുന്ന മറുപടി പരിശോധിച്ച് സാമ്പത്തികാനുമതി കിഫ്‌ബിയിൽ നിന്നും ലഭ്യമായാൽ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി, ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനു ശേഷം PRICE-ൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ് . |
| (ഡി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കരിമണ്ണ് - കല്ലുക്കപ്പാറ - ഒഴലപ്പതി റോഡിന് കിഫ്‌ബി നിർദ്ദേശിക്കുന്ന വീതിയിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് 5.5 മീറ്റർ വീതിയിൽ ഫുൾ ഡെപ്ത് റിക്ലമേഷൻ ചെയ്യുന്നതിന് അംഗീകാരത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചിറ്റൂർ പുഴപ്പാലം - വണ്ടിത്താവളം റോഡ് പ്രവൃത്തിയുടെയും കമ്പിളിച്ചുങ്കം - പെരുവെമ്പ് റോഡ് പ്രവൃത്തിയുടെയും ഡി.പി.ആർ കിഫ്‌ബിയിൽ സമർപ്പിക്കുകയും ഡി.പി.ആർ പരിശോധനയുടെ ഭാഗമായി ലഭിച്ച ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന് മറുപടി തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. മുത്തുസ്വാമി പുതൂർ - അഞ്ചാംമൈൽ റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ കിഫ്‌ബിയിൽ സമർപ്പിക്കുകയും ഡി.പി.ആറിന്റെ പരിശോധനയുടെ ഭാഗമായി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകുകയുമുണ്ടായി. അതിന് മറുപടി കിഫ്‌ബിയിൽ സമർപ്പിക്കേണ്ടതുണ്ട്. സമർപ്പിക്കുന്ന മറുപടി പരിശോധിച്ച് സാമ്പത്തികാനുമതി കിഫ്‌ബിയിൽ നിന്നും ലഭ്യമായാൽ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി, ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനു ശേഷം PRICE-ൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ